പാഠം 6

# പ്രധാന ഗുരുവിൽനിന്ന് കൂടുതൽ പാഠങ്ങൾ

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: ഉല്പത്തി 3:1–11; റോമർ 5:11–19; ഉല്പത്തി 28:10–17; യോഹ. 1:1–14; മത്തായി 15:21–28; മർക്കൊസ് 10:46–52.**

**മനഃപാഠവാക്യം: "യേശു അവനോട്: പോക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു. ഉടനെ അവൻ കാഴ്ച പ്രാപിച്ചു യാത്രയിൽ അവനെ അനുഗമിച്ചു" (മർക്കൊസ് 10:52).**

നമ്മിൽ ആരാണ് ഒരിക്കലും അവരവരെക്കുറിച്ച് ലജ്ജിതരാകാതിരുന്നിട്ടുള്ളത്? മറ്റുള്ളവർ അറിഞ്ഞാലോ എന്ന ചിന്തയിൽ ഭയന്ന് പിന്മാറാത്തതും, ചിന്തിക്കുമ്പോൾ വേദന തോന്നുന്നതുമായ കാര്യങ്ങൾ നമ്മിൽ ആരാണ് ചെയ്യാത്തത്? മിക്കവാറും നാമെല്ലാം ആ അവസ്ഥയിൽ ആയിട്ടുണ്ട് അല്ലേ? അപ്പോൾ ഒന്ന് ഭാവന ചെയ്യൂ, വിലക്കപ്പെട്ട കനി ഭക്ഷിച്ചശേഷം ആദാമും ഹവ്വയും എങ്ങനെ ആയിരുന്നിരിക്കുമെന്ന് അല്ലെങ്കിൽ, യാക്കോബ് തന്റെ പിതാവിനെ കബളിപ്പിച്ച് ജ്യേഷ്ഠാവകാശം തട്ടിയെടുക്കയും സഹോദരന്റെ ദേഷ്യം ഭയന്ന് ഓടിപ്പോകുകയും ചെയ്തത്. അവൻ രാത്രിയിൽ എങ്ങനെ ഉറങ്ങി? വ്യഭിചാരത്തിൽ "കർമത്തിൽ തന്നെ" (യോഹ. 8:4) പിടിക്കപ്പെട്ട ആ വ്യഭിചാരിണിയായിരിക്കുന്നത് സങ്കല്പിക്കൂ. ദാവീദിനും ഇതേ അനുഭവം ഉണ്ടായിട്ടുണ്ട്, അത് എങ്ങനെയായിരുന്നു എന്നുള്ള ഏറ്റുപറച്ചിലും ദുഃഖം നിറഞ്ഞ പ്രകടനവുമായിരുന്നു 32-ാം സങ്കീർത്തനം.

നിശ്ചയമായും, സുവിശേഷം സാർവത്രികമാകാനുള്ള ഒരു കാരണം അതാണ്, ക്രിസ്തുവിന്റെ മരണമാകട്ടെ സകല മനുഷ്യർക്കും വേണ്ടി ആയിരുന്നു. നമ്മുടെ വ്യത്യാസങ്ങൾ എന്തുതന്നെ ആയിരുന്നാലും, ഉറപ്പായും ഒരു കാര്യം നമ്മെ ഒന്നിപ്പിക്കുന്നു: നമ്മുടെ പൊതുവായ പാപപ്രകൃതം.

ആയതിനാൽ, യഥാർത്ഥ ക്രിസ്തീയ വിദ്യാഭ്യാസം എന്നത് നമ്മുടെ പരിതാപകരമായ അവസ്ഥയ്ക്കുള്ള ഒരേയൊരു പരിഹാരത്തിലേക്ക് നമ്മെ ചൂണ്ടിക്കാണിക്കുക എന്നതായിരിക്കണം. ഈ ആഴ്ചയിൽ നാം നമ്മുടെ ഏക പരിഹാരമായ നമ്മുടെ പ്രധാന ഗുരുവിനെ നോക്കും.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് നവംബർ 7 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ഒളിക്കുന്നതിനു പകരം

**ഉല്പത്തി 3:1–11 വായിക്കുക. എന്തുകൊണ്ടായിരിക്കാം ദൈവം ആദാമിനോട് "നീ എവിടെയാണ്" എന്ന് ചോദിച്ചത്?**

വീഴ്ചയെ സംബന്ധിച്ച സമാന കഥകളിൽ ആ പഴം ഒരു ആപ്പിളായാണ് ചിത്രീകരിക്കുന്നത്. എന്നാൽ വാക്യം പറയുന്നത് അതല്ല. അത് വെറുതെ "വൃക്ഷത്തിന്റെ ഫലം" ആയിരുന്നു (ഉല്പത്തി 3:3). ഏത് തരത്തിലുള്ള ഫലം ആയിരുന്നു എന്നതല്ല കാര്യം. ആ വൃക്ഷത്തിൽ നിന്നും തിന്നുന്നത് വിലക്കപ്പെട്ടിരുന്നു, കാരണം ആ മരം 'എന്തിനോ വേണ്ടി നിലകൊണ്ടു.' ദൈവത്തെ ഒരു വശത്തേക്ക് തള്ളിമാറ്റി "എനിക്ക് എന്റെ സ്വന്തം കാര്യം നോക്കാൻ കഴിയും. ഞാൻ എനിക്കു തന്നെ ദൈവം. എനിക്ക് ദൈവവചനത്തിനുമേൽ അധികാരമുണ്ട്" എന്ന് പ്രഖ്യാപിക്കാനുമുള്ള പരീക്ഷയ്ക്ക് വേണ്ടി അതു നിലകൊണ്ടു.

കൂടാതെ, പാമ്പ് അല്ലെങ്കിൽ "സർപ്പം" ആദാമിനെയും ഹവ്വയെയുംകൊണ്ട് ആ മരത്തിന്റെ ഫലം ഭക്ഷിപ്പിച്ചപ്പോൾ, അവരുടെ ജീവിതങ്ങൾ ശരിയായ പാതയിൽനിന്നും തെന്നിമാറി. പിന്നീട്, ദൈവം അടുത്തുണ്ടെന്ന് അവർ മനസ്സിലാക്കിയപ്പോൾ അവർ "വൃക്ഷങ്ങൾക്ക് ഇടയിൽ" ഒളിക്കാൻ ശ്രമിച്ചു (ഉല്പത്തി 3:8). "നീ എവിടെ?" എന്ന് ദൈവം ആദാമിനോട് ചോദിക്കുന്നത് എത്ര വിചിത്രമായിരിക്കുന്നു. അവൻ എവിടെയെന്ന് ഉറപ്പായും ദൈവത്തിന് അറിയാമായിരുന്നു. ഒരുപക്ഷേ കർത്താവ് ആ ചോദ്യം ചോദിച്ചത് അവർ ചെയ്യരുതാത്തതു ചെയ്തുകൊണ്ടാണ് ഒളിക്കേണ്ടിവരുന്നതെന്ന് ആദാമിനെയും ഹവ്വയെയും ബോധ്യപ്പെടുത്താനായിരിക്കും. അതായത്, അവർ ചെയ്ത പ്രവൃത്തികളുടെ സങ്കടകരമായ ഫലങ്ങൾ കാണുന്നതിന് അവൻ അവരെ സഹായിക്കുകയായിരുന്നു.

**യേശു ക്രൂശിൽ ചെയ്തതിനെ ആദാം ഏദെനിൽ ചെയ്തതുമായി നേരിട്ട് ബന്ധപ്പെടുത്തി പൗലൊസ് അനേക പ്രാവശ്യം പറയുന്ന റോമർ 5:11–19 വായിക്കുക. ആദാം ചെയ്തതിനെ അഴിക്കാനായി യേശു വന്നു എന്നതിനെക്കുറിച്ച് ഇത് നമ്മോട് എന്തു പറയണം?**

വീണ്ടെടുപ്പിന്റെ പദ്ധതി ആദാമിന്റെയും ഹവ്വയുടെയും ഉത്തരത്തിനുള്ള ദൈവത്തിന്റെ പ്രതികരണമാണെന്ന് ഒരുവന് വാദിക്കാമായിരിക്കും. അവരുടെ പാപത്തിന്റെ കുറ്റബോധത്തിലും ലജ്ജയിലും അവർ ദൈവത്തിൽനിന്നും ഒളിക്കുകയായിരുന്നു, ദൈവമാകട്ടെ അവരെ രക്ഷിപ്പാനായി വന്നു. നമ്മുടേതായ രീതികളിൽ, നാമും, അതേ കാര്യം ചെയ്തിട്ടുണ്ട്, യേശുവാകട്ടെ നമ്മെ രക്ഷിപ്പാനായി വന്നു. അതിനാൽ "നീ എവിടെ?" എന്ന ചോദ്യം നമ്മോടും ചോദിക്കാം. അതായത്, നിങ്ങളുടെ കുറ്റബോധത്തിലും പാപത്തിലും നിങ്ങൾ എവിടെയാണ്, യേശുവിനോടുള്ള ബന്ധത്തിലും, അതിൽനിന്നും നിങ്ങളെ രക്ഷിക്കാൻ അവൻ എന്ത് ചെയ്തിട്ടുണ്ട് എന്നതിലും?

**ക്രിസ്തീയ വിദ്യാഭ്യാസം മറ്റെന്തു തന്നെ അനിവാര്യമാക്കിയാലും, ദൈവത്തിൽനിന്ന് ഒളിക്കുക എന്നതാണ് നമ്മുടെ സ്വാഭാവിക അവസ്ഥ എന്ന വസ്തുതയും, പിന്നീട് യേശുവിലേക്ക് പരിഹാരം എന്ന നിലയിൽ ചൂണ്ടിക്കാണിക്കയും ചെയ്ക എന്നത് എന്തുകൊണ്ടാണ് അത് അനിവാര്യമാക്കേണ്ടതും, ഊന്നിപ്പറയേണ്ടുന്നതും?**

## ഓട്ടത്തിൽ

**ഉല്പത്തി 28:10–17 വായിക്കുക. ഒരർത്ഥത്തിൽ, അവരുടെ പാപങ്ങളിൽനിന്ന് ഓടുന്നവരോട് ഉള്ള ദൈവത്തിന്റെ കൃപയെക്കുറിച്ച് ഇത് നമ്മെ എന്തു പഠിപ്പിക്കുന്നു, ഈ കഥയുടെ പശ്ചാത്തലം എന്താണ്?**

കുടുംബത്തിലെ ബാക്കിയുള്ളവരോടുള്ള ഇടപെടലിൽ, യാക്കോബ്, അവന്റെ അമ്മയുടെ സഹായത്തോടെ, ക്രൂരമായ വഞ്ചനകളിൽ വീണുപോയിട്ടുണ്ട്, ഇപ്പോഴാകട്ടെ അവൻ അതിനുവേണ്ടി പ്രാർത്ഥിക്കുകയാണ്. അവന്റെ സഹോദരൻ അവനെതിരെ കടുത്ത ഭീഷണികൾ മുഴക്കുകയാണ്, അവനാകട്ടെ ഹാരാനിലുള്ള അവന്റെ അമ്മാവന്റെ സ്ഥലത്തേക്ക് പലായനം ചെയ്യുന്ന ഒരു അഭയാർത്ഥി ആയിക്കഴിഞ്ഞു. സകലതും പേടിപ്പെടുത്തുന്നതും സ്ഥിരതയില്ലാത്തതുമാണ്.

ഒരു ദിവസം യാക്കോബ് ക്ഷീണിച്ചവശനായി പ്രദോഷത്തിലേക്കും പിന്നെ അന്ധകാരത്തിലേക്കും നടക്കുകയായിരുന്നു. മേൽക്കൂരയ്ക്ക് ആകാശം മാത്രമുള്ള ഒന്നുമില്ലായ്മയുടെ നടുവിലായിരുന്നു അവൻ. തലയണയ്ക്കായി ഒരു കല്ല് കണ്ടെത്തി, അവൻ ഉറക്കത്തിലേക്ക് വീഴുന്നു. എന്നാൽ ഉറക്കത്തിന്റെ ശൂന്യമായ അബോധാവസ്ഥ വേഗത്തിൽ തടസ്സപ്പെടുന്നു. പ്രശസ്തമായ സ്വപ്നം വരുന്നു, അവൻ കാണുന്ന കോവണി അല്ലെങ്കിൽ ചവിട്ടുപടി ഭൂമിയിൽ വെച്ചിരിക്കുന്നു, അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു. ദൂതന്മാർ അതിന്മേൽ കൂടി കയറുകയും ഇറങ്ങുകയും ആയിരുന്നു. “ഞാൻ നിന്റെ പിതാവായ അബ്രഹാമിന്റെ ദൈവമാകുന്നു” (ഉല്പത്തി 28:13).

കുടുംബപരിജ്ഞാനത്തിൽനിന്ന് യാക്കോബിന് പരിചിതമായ വാഗ്ദത്തങ്ങൾ ആ ശബ്ദം തുടർന്നുകൊണ്ടേയിരുന്നു. “നിന്റെ സന്തതി വലിയതാകും. അവർ ഭൂമിയിലെ സകല വംശങ്ങൾക്കും ഒരു അനുഗ്രഹം ആയിരിക്കും.” “ഇതാ, ഞാൻ നിന്നോടുകൂടെയുണ്ട്... ഞാൻ നിന്നെ കൈവിടാതെ നിന്നോട് അരുളിച്ചെയ്തത് നിവർത്തിക്കും” (ഉല്പത്തി 28:15).

“വളരെ പിന്നീട് എങ്ങനെയാണ് പൗലൊസ് പരിമിതികളില്ലാത്ത ദൈവത്തെ പരിമിതിയുള്ള മനുഷ്യനുമായും സ്വർഗ്ഗത്തെ ഭൂമിയുമായും ബന്ധപ്പെടുത്തിയെന്നും, ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്ന യാക്കോബിന്റെ ദർശനത്തിലെ കോവണി ദർശിക്കുകയും ചെയ്യുന്നു. ആർക്കുവേണ്ടിയാണ് താൻ ജീവനെ കൊടുക്കുന്നതെന്നും, അവന്റെ കൈത്താങ്ങും ആശ്വാസവുമായവനിൽ പ്രവാചകന്മാരും ഗോത്രപിതാക്കളും ആശ്രയിച്ചിട്ടുണ്ടെന്ന് ഓർക്കുമ്പോൾ അവന്റെ വിശ്വാസം ശക്തമായി” എന്ന് എലൻ ജി. വൈറ്റ് എഴുതി - The Acts of the Apostles, p. 512.

യാക്കോബ് ഉണരുകയും തന്നോടു തന്നെ പറയുകയും ചെയ്തു “യഹോവ ഈ സ്ഥലത്തുണ്ട് നിശ്ചയം ഞാനോ അത് അറിഞ്ഞില്ല” (ഉല്പത്തി 28:16). ഇവിടെ സംഭവിച്ചിരിക്കുന്നത് “അവർണ്ണനീയമാണ്.” ആ സ്ഥലം അവൻ ഒരിക്കലും മറക്കില്ല, അതിന് അവൻ ഒരു പേര് നൽകുന്നു. പിന്നീട് അവൻ ദൈവത്തോട് ആയുഷ്കാല കൂറ് വാഗ്ദത്തം ചെയ്യുന്നു.

**നമുക്ക് പാപങ്ങൾ ഉണ്ടായിരുന്നിട്ടുകൂടി എങ്ങനെയാണ് ദൈവം ക്രിസ്തുവിലൂടെ നമ്മിലേക്ക് എത്തിച്ചേരാൻ ശ്രമിക്കുന്നത് എന്നതിനെക്കുറിച്ച് ഈ കഥയിൽനിന്ന് നമുക്ക് എന്ത് പഠിക്കാൻ കഴിയും? വീണ്ടും, എന്തുകൊണ്ടാണ് ക്രിസ്തീയ വിദ്യാഭ്യാസം ഈ തത്വം അവർ പഠിപ്പിക്കുന്നതിന്റെ മുൻപന്തിയിൽ വെയ്ക്കേണ്ടത്?**

# യേശു റബ്ബി

പുതിയനിയമത്തിലെ സകല അദ്ധ്യായ ആരംഭങ്ങളിലും വച്ച്, ഒന്നും തന്നെ ഇതിനോളം പ്രശസ്തമല്ല: "ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടു കൂടെയായിരുന്നു, വചനം ദൈവമായിരുന്നു" (യോഹ. 1:1). യോഹന്നാൻ 1 വേഗത്തിൽ നിങ്ങളെ മറക്കാനാവാത്ത വാക്യത്തിലേക്ക് കൊണ്ടുപോകുന്നു: "വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു" (യോഹ. 1:14).

**യോഹ. 1:1–14 വായിക്കുക. അവൻ ഇവിടെ എന്ത് ചെയ്യുകയായിരുന്നുവെന്നും യേശു ആരായിരുന്നു എന്നതിനെക്കുറിച്ചും ഈ വാക്യങ്ങൾ എന്താണ് പങ്കുവെയ്ക്കുന്നത്? ഒരു ഗുരുവിന്റെ ആ വലിയ മാതൃകയായി യേശുവിനെക്കുറിച്ച് ഇത് നമ്മോട് എന്ത് പറയണം?**

തോട്ടത്തിൽ ആദാമിനോടും ഹവ്വയോടും സംസാരിച്ച അതേ ദൈവം, ഒന്നുമില്ലായ്മയുടെ നടുവിൽനിന്നും യാക്കോബിനോട് സംസാരിച്ചവൻ, ഇപ്പോൾ ഒരു വ്യക്തിയായി സ്വയം കാണിക്കുന്നു. പുതിയനിയമം പറയുന്നു, ദൈവം യേശുവിൽ മാനുഷത്വം നൽകി. യേശുവിലൂടെ, നമുക്ക് ദൈവത്തിന്റെ ഇഷ്ടത്തെക്കുറിച്ചും, ദൈവത്തിന്റെ വഴിയെക്കുറിച്ചും മനസ്സിലാക്കാം, കാരണം യേശു ദൈവമായിരുന്നു.

യോഹന്നാൻ സ്നാപകൻ അതിശക്തനായ ഒരു പ്രസംഗകൻ ആയിരുന്നതുകൊണ്ട് യെരൂശലേമിലുള്ള മതനേതാക്കന്മാർ പോലും അവൻ ഏതോ സവിശേഷതയുള്ളവനാണെന്ന് സംശയിച്ചു എന്ന് അദ്ധ്യായം തുടർന്നു പറയുന്നു. എന്നാൽ അവനാകട്ടെ അവനെക്കാൾ വലിയവനായ ആർക്കോ വേണ്ടി വഴി ഒരുക്കുകയായിരുന്നു. ആശ്ചര്യകരമാംവിധം സവിശേഷതയുള്ള ആരോ ഒരുവൻ പ്രത്യക്ഷപ്പെടാൻ പോകയായിരുന്നു, യോഹന്നാൻ സ്നാപകൻ എന്ന അവനാകട്ടെ "അവന്റെ ചെരിപ്പിന്റെ വാറ് അഴിപ്പാൻ യോഗ്യനല്ല" (യോഹ. 1:27).

അടുത്ത ദിവസം അവൻ യേശുവിനെ കണ്ട് അവൻ "ദൈവത്തിന്റെ പുത്രൻ" എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ആ ദിവസവും, ഒരു ദിവസം കഴിഞ്ഞും, അവൻ യേശുവിനെ "ദൈവത്തിന്റെ കുഞ്ഞാട്" എന്ന് വിളിച്ചു. മാത്രമല്ല, യോഹന്നാൻ സ്നാപകന്റെ രണ്ടു പിൻഗാമികൾ സ്വയം യേശുവിനെ പിൻഗമിപ്പാൻ തീരുമാനിച്ചു. അവർ എന്താണ് അന്വേഷിക്കുന്നത് എന്ന് യേശു ചോദിച്ചപ്പോൾ, അവർ അവനെ "റബ്ബീ" (പരിഭാഷ: ഗുരു) എന്ന് വിളിച്ചു (യോഹ. 1:38). അപ്പോൾ, യേശു ഒരു റബ്ബി ആണ്, ഒരു ഗുരു, എന്നാൽ ഒരിക്കലും അവനെപ്പോലെ ഒരു മനുഷ്യഗുരു ഉണ്ടായിട്ടില്ല. കാരണം, വീണ്ടും, അവൻ ദൈവമാണ്. മറ്റൊരുവിധത്തിൽ, ദൈവം മനുഷ്യകുലത്തിലേക്ക് ഒരു മനുഷ്യരൂപത്തിൽ ഇറങ്ങിവന്നു, ആ രൂപത്തിൽ അവൻ ഒരു റബ്ബി ആയി, ഗുരുവായി പ്രവർത്തിച്ചു.

എലൻ ജി. വൈറ്റ് യേശുവിനെ "ലോകം കണ്ടതിൽവച്ച് ഏറ്റവും വലിയ ഗുരു" എന്ന് വിളിച്ചതിൽ ആശ്ചര്യം ഒന്നുമില്ല – Signs of the Times, June 10, 1886. എന്തൊക്കെയായാലും, ഈ ഗുരു ദൈവമായിരുന്നു.

**യേശു ആരാണ് എന്ന് കണക്കിലെടുക്കുമ്പോൾ, ആത്മീയ സത്യം പഠിപ്പിക്കുന്നതിനുള്ള ഏറ്റവും നല്ല വഴികൾ അവനിൽനിന്നു പഠിക്കുന്നതിൽ എന്തുകൊണ്ട് യുക്തി ഉണ്ട്? പഠിപ്പിക്കുന്നതിന് നാം പറയുന്നതു മാത്രമല്ല പിന്നെയോ നാം ചെയ്യുന്നതും പ്രധാനമാണ് എന്നതിനെക്കുറിച്ച് യേശുവിൽനിന്ന് നമുക്ക് എന്ത് പഠിക്കാൻ കഴിയും?**

## ഒരു സ്ത്രീ തിരിച്ചുപറയുന്നു

യേശു ആകുന്നു പ്രധാന ഗുരു. ദൈവത്തിന്റെ യഥാർത്ഥ സ്വഭാവം അവന്റെ ഉപദേശത്തിലൂടെ തിളങ്ങുന്നു, അത് അവന്റെ ജീവിതത്തിലുമുണ്ട്. അപ്രകാരം, ഒരുവൻ യേശുവിനോട് തിരിച്ചുപറഞ്ഞാലും അവൻ ശ്രദ്ധിക്കുന്നു എന്ന് കാണിക്കുന്നതിന് ഒരു സുവിശേഷ കഥ എല്ലാറ്റിലും ശ്രദ്ധേയമാണ്.

**സോർ സീദോൻ പ്രദേശങ്ങളിലുള്ള ഒരു പുറജാതി (കനാന്യക്കാരി) സ്ത്രീയുമായുള്ള യേശുവിന്റെ അപ്രതീക്ഷിത കൂടിക്കാഴ്ചയെക്കുറിച്ചുള്ള കഥ വായിക്കുക (മത്തായി 15:21–28; മർക്കൊസ് 7:24–30).**

യേശുവിന്റെ വലയത്തിലുള്ള പുരുഷന്മാരും അവളോട് അസഹിഷ്ണുത കാണിച്ചു, യേശുപോലും അവളെ അവഗണിച്ചു എന്നതും ശ്രദ്ധിക്കുക. ആ സ്ത്രീയുടെ ധിക്കാരത്തെക്കുറിച്ച് നിങ്ങൾ എന്ത് മനസ്സിലാക്കുന്നു? യേശു തന്നെ മറ്റുള്ളവരെ എങ്ങനെ പഠിപ്പിച്ചു എന്നതിനെക്കുറിച്ച് ഈ കഥ നമ്മെ എന്ത് പഠിപ്പിക്കുന്നു?

സോറിനും സീദോനും അടുത്തായിരുന്നു യേശു. വംശീയ പിരിമുറുക്കങ്ങൾ നിലനിന്നിരുന്നതും അപരിചിതർ അധികമുണ്ടായിരുന്നതുമായ ഒരു സ്ഥലത്തേക്ക് അവൻ കടന്നുപോയിരുന്നു. ഗ്രീക്കു ഭാഷ സംസാരിക്കുന്ന നഗരവാസികൾ ഗ്രാമമേഖലകളിൽ ഉണ്ടായിരുന്ന യെഹൂദാ കർഷകരെ പുച്ഛത്തോടെ നോക്കി, അതിനു പകരമായി യെഹൂദന്മാരും അങ്ങനെ തന്നെ ചെയ്തു.

അടുത്ത കാലത്ത് യേശു താമസിച്ചിരുന്ന ഗലീലയിലെ കൈപ്പാവയെപ്പോലെ പ്രവത്തിക്കുന്ന ഗവർണർ ഹെരോദാവ്, യോഹന്നാൻ സ്നാപകനെ വധശിക്ഷയ്ക്ക് വിധേയനാക്കിയിരുന്നു. ആ വധശിക്ഷ അശുഭസൂചകമായി തോന്നി. അവന്റെ ദൗത്യത്തിന്റെ അപകടവുമായി യേശു നേർക്കുനേർ വരാൻ ആരംഭിച്ചിരുന്നു. അതിന്റെ പിരിമുറുക്കം അനുഭവിച്ചുകൊണ്ട്, അവൻ അവിടെയുണ്ടെന്ന് ആരും അറികയില്ല എന്ന് പ്രത്യാശിച്ചുകൊണ്ട്, മർക്കൊസ് തന്റെ വിവരണത്തിൽ അങ്ങനെ പറയുന്നു, യേശു ഒരു വീട്ടിൽ പ്രവേശിച്ചു (മർക്കൊസ് 7:24). എന്നാൽ ആ സ്ത്രീ അവനെ കണ്ടെത്തി.

ആ സ്ഥലത്തിന്റെയും സമയത്തിന്റെയും സംസ്കാരത്തിൽ, ഒരു സ്ത്രീക്ക് അവളുടെ അഭിപ്രായം രേഖപ്പെടുത്തുവാൻ ഒരവകാശവും ഇല്ലായിരുന്നു. ഇതിനു പുറമേ, അവൾ യെഹൂദന്മാർക്ക് ഇഷ്ടമില്ലാത്ത ഒരു വംശത്തിലും സംസ്കാരത്തിലും ഉള്ളവളായിരുന്നു, ഇതാകട്ടെ അവളെ കൂടുതൽ പ്രതികൂല സാഹചര്യത്തിലാക്കി.

എന്നാൽ ആ സ്ത്രീയുടെ മകൾക്ക് സുഖമില്ലായിരുന്നു - അവൾക്ക് സഹായം വേണമായിരുന്നു, അതിനവൾ നിർബന്ധബുദ്ധിയോടെ ചോദിക്കയും ചെയ്തു. യേശു അവളോട്: "മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നതു നന്നല്ല" എന്ന് പറഞ്ഞു (മത്തായി 15:26). ഈ പരാമർശം അവളുടെ വികാരങ്ങളെ വ്രണപ്പെടുത്തിയിരിക്കാം.

അപ്പോൾ ശ്രദ്ധേയമായ എന്തോ സംഭവിച്ചു. അവൾ അപ്പോൾ പ്രതികരിച്ചു. അവൾക്ക് നായ്ക്കൾ പരിചിതമായിരുന്നു, അവൾ പറഞ്ഞു, "അതേ കർത്താവേ, നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽനിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ" എന്നു പറഞ്ഞു (മത്തായി 15:27).

അവളുടെ പരാമർശം ഒരു വ്യത്യാസം ഉണ്ടാക്കുന്നു. അത് നിർബന്ധിക്കുന്നതായി തോന്നുന്നു. യേശു അവളുടെ പൈതലിനെ സൗഖ്യമാക്കുന്നു.

## കാര്യം മനസ്സിലാക്കുന്ന ഒരു വിദ്യാർത്ഥി

യേശുവും അവന്റെ പിൻഗാമികളും യെരൂശലേമിലേക്ക് തിരിഞ്ഞിരുന്നു. യോഹന്നാൻ സ്നാപകനെക്കുറിച്ച് ഹെരോദാവ് ഉത്കണ്ഠാകുലനായിരുന്നതുകൊണ്ട്, ഹെരോദാവ് ഉൾപ്പെടെയുള്ള അധികാരികൾ, യേശുവിനെക്കുറിച്ചും ഉത്കണ്ഠാകുലരായിരുന്നു.

അവന്റെ പിൻഗാമികളിൽ സാധുക്കളും, എളുപ്പത്തിൽ മുറിവേൽക്കുന്ന മറ്റാളുകളും ഒരു മാറ്റത്തിനായി അങ്ങേയറ്റം ആഗ്രഹിക്കുന്നവരും ഉൾപ്പെട്ടിരുന്നു.

എല്ലാറ്റിലും ഉപരി ലോകത്തിന് പ്രത്യാശ നൽകണമെന്ന് യേശു ആഗ്രഹിച്ചു. എന്നാൽ ഇപ്പോൾ അവന് ഒരു കാര്യം ഉറപ്പായി, ഏറ്റവും അധികം അധികാരവും അവസരവും ഉള്ളവർ ആ ദൗത്യത്തെ ഇല്ലാതാക്കാൻ അവരാൽ കഴിയുന്നത് ചെയ്യാൻ പോകയാണ്. അവൻ വിജയിക്കണമെന്ന് അവർ ആഗ്രഹിച്ചില്ല. യേശുവിന്റെ വിദ്യാർത്ഥികളിൽ ഉൾവലയത്തിലുള്ളവരാകട്ടെ, യേശുവിന്റെ ഭാഗത്തായിരിക്കാൻ ഉത്സാഹം ഉള്ളവരായി തോന്നി. എന്നാൽ അതേ സമയം, അവർ ആശയക്കുഴപ്പം ഉള്ളവരായി തോന്നി, അല്ലെങ്കിൽ അന്ധർ. ഉദാഹരണത്തിന്, മർക്കൊസ് 8:31–33 ൽ, അവർക്ക് കാണുവാൻ പ്രയാസമുള്ള കാര്യങ്ങൾ കാണുവാൻ അവന്റെ വിദ്യാർത്ഥികളെ പ്രധാന ഗുരു ആഹ്വാനം ചെയ്യുകയാണ്. അതായത്, കാര്യമായ കാര്യങ്ങളിൽ അവർ ഇപ്പോഴും അനേക രീതികളിൽ ആത്മീയമായി അന്ധരാണ് (മർക്കൊസ് 8:37 കാണുക). ഇതെല്ലാം കാര്യങ്ങൾ ഉറപ്പായും കാണുന്ന ഒരുവനുമായുള്ള യേശുവിന്റെ മുഖാമുഖത്തിന് പശ്ചാത്തലമാണ്.

അന്ധ യാചകനായ ബർത്തിമായിയെ യേശു സൗഖ്യമാക്കുന്നതിന്റെ കഥ വായിക്കുക (മർക്കൊസ് 10:46–52 കാണുക). യേശു കാണിക്കുന്ന വലിയ കരുണ ശ്രദ്ധിക്കുക. കാണുവാനുള്ള ആ അന്ധന്റെ ആഗ്രഹം എങ്ങനെയാണ് യെരൂശലേമിലേക്കുള്ള വഴിയിലോ, അല്ലെങ്കിൽ പാതയിലോ യേശുവിനെ അനുഗമിക്കുവാനുള്ള അവന്റെ തീരുമാനത്തിലേക്ക് നയിക്കുന്നു എന്ന് ഇപ്പോൾ കണക്കിലെടുക്കുക. ബർത്തിമായിയും മറ്റ് ശിഷ്യന്മാരും തമ്മിൽ മർക്കൊസ് ഒരുപക്ഷേ ഒരു വൈരുദ്ധ്യം കണ്ടെത്താൻ ശ്രമിക്കുകയാണെന്ന് നിങ്ങൾ ചിന്തിക്കുന്നുവോ? പ്രധാന ഗുരുവിനോട് പ്രതികരണമുള്ളവരായിരിക്കുക എന്നതിന് നിങ്ങൾക്ക് എന്ത് അർത്ഥമാകുന്നു എന്നതിലേക്ക് ഈ കഥ എങ്ങനെ വെളിച്ചം പകരുന്നു?

ഒരു കുഞ്ഞിന്റെ മുടിയിലെ ചുരുളോ കൊയ്ത്തുസമയത്തുള്ള ഗോതമ്പിന്റെ നിറമോ ഒക്കെ കാണണമെന്ന് ബർത്തിമായിക്ക് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ കാഴ്ച എന്നത് ഭൗതികം മാത്രമല്ല അതിലും കൂടുതലായത് ഉൾപ്പെട്ടിരിക്കുന്നു. മറ്റൊരു വിധത്തിൽ ഈ കഥ എന്നത് ആത്മീയമായി കാണുന്നതിനെക്കുറിച്ചാണ്. അത് മനസ്സിലാക്കുക എന്നതാണ് – പ്രധാന ഗുരു യഥാർത്ഥത്തിൽ എന്താണെന്ന് ഉൾക്കൊള്ളുകയും. ഭൗതിക കാഴ്ച ഒരു കാര്യമാണ്. അതൊരു പ്രധാന കാര്യമാണ്, യേശുവിന് അത് അറിയുകയും ചെയ്യാം. എന്നാൽ എല്ലാ വ്യക്തിയുടെയും ആഴത്തിലുള്ള ആഗ്രഹം ഒരു പുതിയതും മെച്ചപ്പെട്ടതുമായ ജീവിതത്തിനു വേണ്ടിയാണെന്നും യേശുവിനറിയാം.

**എബ്രായർ 5:12–14 വായിക്കുക. യഥാർത്ഥ വിദ്യാഭ്യാസത്തെക്കുറിച്ച് ഇത് നമ്മെ എന്ത് പഠിപ്പിക്കുന്നു?**

## കൂടുതൽ ചിന്ത:

എലൻ ജി. വൈറ്റിന്റെ "ക്രിസ്തുവിലേക്കുള്ള പടികളിൽ", pp. 57-65 വായിക്കുക.

നാം സത്യമായും പ്രധാന ഗുരുവിനോട് പ്രതികരിക്കുകയാണെങ്കിൽ, "നാം അവന്റെ സ്വരൂപം വഹിക്കാനും, ആത്മാവ് ഉൾക്കൊള്ളാനും, അവന്റെ ഇഷ്ടം ചെയ്യാനും, സകലതിലും അവനെ പ്രീതിപ്പെടുത്താൻ ശ്രമിക്കും" (Steps to Christ, p. 58) എന്ന് എലൻ വൈറ്റ് നമ്മോട് പറയുന്നു. യേശുവുമായുള്ള സഹവാസത്തിൽ, കടമ, "ഒരു ആനന്ദമായി ത്തീരുന്നു" എന്ന് അവർ പറയുന്നു (Steps to Christ, p. 59). ഇനി വേദപുസ്തകത്തിൽനിന്ന് മത്തായി 5–7 നോക്കുക. ഇവിടെയാണ് ഗിരിപ്രഭാഷണം, അവൻ സ്ഥാപിക്കാൻ വന്ന രാജ്യത്തിന്റെ അടിസ്ഥാനതത്വവും അവന്റെ വിദ്യാർത്ഥികൾ അറിയണമെന്ന് പ്രധാന ഗുരു ആഗ്രഹിച്ചതുമായ വലിയ രത്നച്ചുരുക്കങ്ങളിൽ ഒന്ന്.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. **ദൈവം ആദാമിനെയും ഹവ്വയെയും യാക്കോബിനെയും സംബോധന ചെയ്തതുപോലെതന്നെ നമ്മെയും സംബോധന ചെയ്യുന്നു. അവൻ നമ്മുടെ ആഴത്തിലുള്ള വാഞ്ഛകളുമായി ബന്ധപ്പെടുന്നു, നാം ആരാണ്, എവിടേക്കു പോകുന്നു എന്ന് പുനർചിന്തനം ചെയ്യുന്നതിന് അവൻ നമ്മെ ഞെട്ടിക്കുന്നു (ബർത്തിമായിയോട് ചെയ്തതുപോലെ). ഇതിന്റെ വെളിച്ചത്തിൽ, നാം അന്യോന്യവും നമ്മുടെ കുഞ്ഞുങ്ങൾക്കും നാം വേദപുസ്തകം എങ്ങനെ പഠിപ്പിക്കുന്നു എന്നതിനെക്കുറിച്ച് ചിന്തിക്കുക. സാധാരണമായ വേദപുസ്തക പഠിപ്പിക്കലും മനുഷ്യരുടെ ജീവിതങ്ങളിൽ ഒരു വ്യത്യാസം ഉണ്ടാകാൻ പ്രേരിപ്പിക്കുന്ന തരത്തിലുള്ള വേദപുസ്തക പഠിപ്പിക്കലും തമ്മിലുള്ള വ്യത്യാസം എന്ത്?**
2. **നിങ്ങൾ ജീവിതയാത്രയിൽ എവിടെയാണ് എന്ന ചോദ്യം തികച്ചും വ്യക്തിപരമാണോ അതോ ഇത് നിങ്ങൾ വിശ്വസിക്കുന്ന ആളുകളുമായി ചർച്ച ചെയ്യുന്നത് സഹായകരമാകുമോ? നിങ്ങൾ അറിയണമെന്ന് ക്രിസ്തു ആഗ്രഹിക്കുന്നതുമായി അടുപ്പത്തിലാകാൻ മറ്റുള്ളവരുമായുള്ള സംഭാഷണം ഒരു മാർഗ്ഗമാണെന്ന് സഭ "ക്രിസ്തുവിന്റെ ശരീരം" എന്ന ആശയം എങ്ങനെ സഹായിക്കുന്നു?**
3. **ബർത്തിമായിക്ക് കാണാൻ കഴിഞ്ഞ ഉടൻ തന്നെ – അവന്റെ ശാരീരിക അന്ധതയിൽനിന്നും അവൻ രക്ഷിക്കപ്പെട്ടപ്പോൾ – അവൻ യെരൂശലേമിലേക്കുള്ള വഴിയിൽ യേശുവിനെ അനുഗമിച്ചു എന്ന് നാം വ്യാഴാഴ്ച പഠിച്ചു. ഈ വഴിയിൽ അവൻ, എല്ലാ ദിവസവും, പ്രധാന ഗുരുവിന്റെ പരിജ്ഞാനം കേട്ടു. ഇപ്പോൾ നാം ഒരുപക്ഷേ ഊഹിച്ചേക്കാം, അവന് യേശുവിന്റെ സ്വരൂപം വഹിക്കാനും, അവന്റെ ആത്മാവ് ശ്വസിക്കാനും, അവന്റെ ഇഷ്ടം ചെയ്യാനും ആഗ്രഹമുണ്ടായിരുന്നു എന്ന്. ക്രിസ്തുവിലേക്കുള്ള പടികൾ പറയുന്നതുപോലെ, ഗിരിപ്രഭാഷണത്തിൽ യേശു ഉയർത്തിപ്പിടിച്ച അത്ര ഉന്നതമായ ഒരു നിലവാരം പിൻതുടരുന്നതിൽ എന്തുകൊണ്ട് ഒരുവൻ "ആനന്ദം" കണ്ടെത്തണം?**
4. **വ്യാഴാഴ്ചയിലെ പാഠത്തിന്റെ ഒടുവിൽ നൽകിയിരിക്കുന്ന ചോദ്യത്തിനു മേൽ കൂടുതൽ സംസാരിക്കുക. നാം എങ്ങനെയാണ് നന്മയും തിന്മയും തമ്മിൽ വിവേചിച്ചറിയുവാൻ പഠിക്കുക? എന്താണ് തിന്മ എന്നും എന്താണ് നന്മ എന്നും നാം എങ്ങനെ വ്യക്തമായി വിവരിക്കും? ആ അറിവു തന്നെ ഉണ്ടായിരിക്കുന്നതിനെക്കാൾ ഒരുപക്ഷേ ആ അറിവുകൊണ്ട് നാം എന്തു ചെയ്യുന്നു എന്നത് എന്തുകൊണ്ടാണ് കൂടുതൽ പ്രാധാന്യം?**

* * *